മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*91)

**വിനോദസഞ്ചാര മേഖലയിലെ പുതിയ പദ്ധതികൾ**

(*91) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ എ കെ എം അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാരികൾക്ക് കേരളത്തിലെ പ്രധാന കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചരണ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും എന്തെല്ലാം പ്രചരണ പരിപാടികളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതോടൊപ്പം പുതിയ പദ്ധതികളും ആസൂത്രണം

ചെയ്തുകൊണ്ടാണ് വിനോദസഞ്ചാര വകുപ്പ് മുന്നോട്ട് പോകുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ടൂറിസം സാധ്യതയുള്ള നിരവധി സ്ഥലങ്ങൾ നിലവിലുണ്ട്. ഇത്തരം കേന്ദ്രങ്ങളെ കണ്ടെത്തുവാനും അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുവാനും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിനോദസഞ്ചാര വകുപ്പ് ഇതിനകം ആരംഭിച്ച പദ്ധതികളായ മലബാർ റിവർ ക്രൂയിസ് പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി എന്നിവ പൂർത്തിയായി വരുന്നു. മാത്രമല്ല, വകുപ്പ് ആരംഭിച്ച ട്രാവൻകൂർ പൈതൃക പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി രണ്ട് ബൃഹദ് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ

അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ, മരുതിമല, ജഡായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി നടപ്പിലാക്കുന്ന ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് പദ്ധതി, മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്റററി സർക്യൂട്ട് പദ്ധതി എന്നിവയാണവ. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുവാനുള്ള പദ്ധതിയും തയ്യാറാക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ അധികം അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാരവൻ ടൂറിസം പദ്ധതിക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണ്ണിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 383 കാരവനുകൾക്കായി 216 അപേക്ഷകളും 137 കാരവൻ പാർക്കുകൾക്കായി 97 അപേക്ഷകളും ഇതിനകം ലഭിച്ചുകഴിഞ്ഞു.

(ബി) ഉണ്ട്.

(സി) കോവിഡ് യാത്രാ നിയന്ത്രണങ്ങൾ നീക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തേയ്ക്ക് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ വലിയ തോതിലുള്ള വരവാണ് പ്രതീക്ഷിക്കുന്നത്. ഇതനുസരിച്ച് കോവിഡാനന്തര

കാലഘട്ടത്തിലെ സഞ്ചാരികളുടെ പ്രതീക്ഷയ്ക്കൊത്തുയർന്ന് നവ്യമായ വിനോദസഞ്ചാര അനുഭവം പ്രദാനം ചെയ്യുന്നതിനുള്ള പ്രചരണ പരിപാടികൾക്കാണ് വിനോദസഞ്ചാര വകുപ്പ് രൂപം നൽകിയിട്ടുള്ളത്. വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവേദ ടൂറിസത്തിന്റെ പ്രോത്സാഹനം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധങ്ങളായ മേഖലകളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് ക്യാമ്പയിനുകളാണ് നടപ്പാക്കി വരുന്നത്. കേരളം വിനോദസഞ്ചാരികൾക്ക് സന്ദർശിക്കാൻ സുരക്ഷിതമാണെന്നുള്ള സന്ദേശം നൽകുന്നതിനുള്ള റീ-അഷ്വറൻസ് ക്യാമ്പയിൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി നടപ്പാക്കി വരുന്നു. കോവിഡ് കാലഘട്ടത്തിൽ സഞ്ചാരികളുടെ ഇടയിൽ രൂപപ്പെട്ട ഒരു പുതിയ പ്രവണതയാണ് വിനോദയാത്രയ്ക്കൊപ്പം തങ്ങളുടെ ജോലിയും തുടരുക എന്നത്. ഇത്തരം സഞ്ചാരികൾ പ്രധാനമായും ഹോംസ്റ്റേകളെ ആണ് തങ്ങളുടെ താമസത്തിനായി തെരഞ്ഞെടുക്കുന്നത്. ഇത്തരം സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'ലോംഗ് സ്റ്റേയ്സ് ഇൻ കേരള്' എന്ന ക്യാമ്പയിനും പുരോഗമിച്ചുവരുന്നു. ടൂറിസം മേഖലയിൽ

കോവിഡ് ഏറ്റവും ഗുരുതരമായി ബാധിച്ച ഒരു മേഖല ഹോംസ്റ്റേ ആണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ഹോംസ്റ്റേകളിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക ഡിജിറ്റൽ മാർക്കറ്റിംഗ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കാരവൻ ടൂറിസം അനുഭവം സഞ്ചാരികൾക്ക് ലഭ്യമാക്കാനായി പ്രത്യേക സോഷ്യൽ മീഡിയ ക്യാമ്പയിന് രൂപം നൽകിയിട്ടുണ്ട്. കേരളാ ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. നമ്മുടെ പല ടൂറിസം കേന്ദ്രങ്ങളും ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും വിനോദസഞ്ചാര വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രിന്റ്/സോഷ്യൽ മീഡിയ, ഡിജിറ്റൽ, തീയേറ്റർ, റേഡിയോ പ്രചരണങ്ങളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഇന്ത്യയിലെയും വിദേശത്തേയും പ്രധാനപ്പെട്ട ട്രാവൽ മാർട്ടുകളിൽ കേരളാ ടൂറിസം പങ്കെടുക്കുന്നുണ്ട്. കൂടാതെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽ ടൂറിസം റോഡ് ഷോകളും സംഘടിപ്പിച്ചുവരുന്നു.

കേരളത്തിലെ ടൂറിസം മേഖലയുടെ നട്ടെല്ലായ ഈ രംഗത്ത് മുതൽമുടക്കിയിരിക്കുന്ന സംരഭകരോടൊപ്പമാണ് ഈ ട്രാവൽ ഫെയറുകളിൽ പങ്കെടുക്കുന്നത്. ഇത് കൂടാതെ കേരളാ ടൂറിസത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട മാർക്കറ്റുകളായ യു.കെ., യു.എസ്.എ., ജർമനി, ഫ്രാൻസ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ നടപ്പാക്കുന്നതാണ്. ഇതോടൊപ്പംതന്നെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന, സോഷ്യൽ മീഡിയയിൽ ധാരാളം ഫോളോവേഴ്സുള്ള സെലിബ്രിറ്റികൾക്ക് നമ്മുടെ നാട് സന്ദർശിക്കാൻ അവസരമൊരുക്കുന്ന 'ഫെമിലറൈസേഷൻ ടൂർ' പദ്ധതിയും ഈ വർഷം ശക്തമായി തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാർക്ക് കേരളം സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്ന പദ്ധതിയും നടന്നുവരുന്നു. കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതനുസരിച്ച് ഈ വർഷം മലബാറിൽ മാത്രം അഞ്ഞൂറ് ടൂർ ഓപ്പറേറ്റർമാരെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. 'ഫാം 2 മലബാർ' എന്ന ഈ പദ്ധതിയുടെ രണ്ട് എഡിഷൻ

പൂർത്തിയാക്കി കഴിഞ്ഞു. കേരളം സന്ദർശകർക്ക് സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിനും സഞ്ചാരികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ സന്ദർശകരെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾക്കാണ് കേരളാ ടൂറിസം രൂപം നൽകിയിരിക്കുന്നത്. എല്ലാ സ്ഥലങ്ങളിലും എല്ലാ തരത്തിലുമുള്ള പരസ്യ മാധ്യമങ്ങളും ഉപയോഗിച്ച് മാർക്കറ്റിംഗ് നടത്തുന്ന 360 ഡിഗ്രി ക്യാമ്പയിനാണ് നടപ്പാക്കിവരുന്നത്.

ശ്രീ. യു. എ. ലത്തീഫിനുവേണ്ടി <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രളയവും കോവിഡും നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. അതോടൊപ്പം ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കപ്പെടാതിരിക്കാനുള്ള മറ്റൊരു പ്രധാനപ്പെട്ട കാരണം, നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുമിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളാണ്. മാലിന്യ സംസ്കരണത്തിന്റെ അഭാവം വലിയ വെല്ലുവിളിയായി ഇപ്പോഴും തുടരുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വൃത്തിഹീനമായി കിടക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പലതവണ നമ്മുടെ സഭയ്ക്കകത്ത് നടന്നിട്ടുണ്ടെങ്കിൽപ്പോലും ഇപ്പോഴും പല ടൂറിസ്റ്റ്

കേന്ദ്രങ്ങളിലേയ്ക്കും അടുക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ഈ മാലിന്യങ്ങൾ നീക്കം ചെയ്ത് കൂടുതൽ ടൂറിസ്റ്റുകളെ നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപം നൽകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്. ഇക്കാര്യം നേരത്തെയും നമ്മൾ ചർച്ച ചെയ്തതാണ്. ഇത് പരിഹരിക്കേണ്ടൊരു പ്രശ്നമാണ്. മെയിന്റനൻസ് (പരിപാലനം) ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. നമ്മൾ പുതിയ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്താൻ പോകുമ്പോൾ നിലവിലുള്ളത് സംരക്ഷിക്കപ്പെടാതെ പോകുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമായി ഒരു റൗണ്ട് ചർച്ച നടത്തിയിട്ടുണ്ട്. അതിനുപുറമെ, ചില വിദേശ രാജ്യങ്ങളിൽ കണ്ടുവരുന്നതുപോലെ ക്യാമ്പസ്സുകളിലെ ടൂറിസം ക്ലബ്ബുകൾ. ഒരു കലാലയത്തിൽ ഒരു ടൂറിസം ക്ലബ്ബ് രൂപീകരിച്ചാൽ ആ കലാലയത്തിനോട് ചേർന്നുകിടക്കുന്ന പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ പരിപാലനവും പ്രചരണവും പ്രസ്തുത ക്ലബ്ബ് ഏറ്റെടുക്കുന്നൊരു പുതിയ പദ്ധതിക്ക് ടൂറിസം

വകുപ്പ് ആലോചന നടത്തുന്ന വിവരംകൂടി ഇവിടെ അറിയിക്കുന്നു. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. അതിനെ ആ നിലയിൽത്തന്നെ കണ്ടുകൊണ്ട്, എല്ലാവരേയും യോജിപ്പിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം നമുക്ക് ഉറപ്പ് വരുത്താനാകണം.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ പരമ്പരാഗത ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനോടൊപ്പം പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയുള്ള പദ്ധതികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ പദ്ധതി എന്ന് പറയുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ധാരാളം സാധ്യതകളുള്ള പല മേഖലകളുമുണ്ട്. ഉത്സവങ്ങളുമായി ബന്ധപ്പെട്ട ടൂറിസം, വള്ളംകളി, ഫാം ടൂറിസം എന്നിങ്ങനെ പുതിയ മേഖലകളിലേയ്ക്ക് നമ്മുടെ ടൂറിസം പദ്ധതിയെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം നമ്മൾ നേരത്തെ ചർച്ച ചെയ്തതാണ്. കേരളത്തിൽ ഒട്ടേറെ unexplored destinations ഉണ്ട്. അതിന്റെ കണക്കുകളുണ്ട്. സമയക്കുറവുകാരണം ഞാൻ അതൊന്നും പറയുന്നില്ല. അത്തരം ഡെസ്റ്റിനേഷനുകളെ പരിശോധിച്ചുകഴിഞ്ഞാൽ

വിദേശ സഞ്ചാരികളായിക്കൊള്ളട്ടെ, ആഭ്യന്തര സഞ്ചാരികളായിക്കൊള്ളട്ടെ ഇന്ന് ഏറ്റവുമധികം ടൂറിസ്റ്റുകൾ വരുന്നത് മധ്യകേരളത്തിലാണ്. പിന്നെ വരുന്നത് തെക്കൻ കേരളത്തിലുള്ള ജില്ലകളിലാണ്. മലബാർ പ്രദേശത്ത് ഏറ്റവും കുറവാണ്. വെറും 6 ശതമാനം മാത്രമേ മലബാർ പ്രദേശത്തുള്ളൂ. Unexplored destinations-നെ എക്സ്പ്ലോർ ചെയ്യുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പരമപ്രധാനവും പുതുമ നിറഞ്ഞതുമാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് unexplored destinations-നെ ഉയർത്താൻ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒന്നിൽക്കുറയാത്ത ഡെസ്റ്റിനേഷൻ എന്നുള്ള നിലയിൽ തദ്ദേശ സ്വയംഭരണ വകുപ്പും ടൂറിസം വകുപ്പുംകൂടി ചേർന്ന്  മുന്നോട്ടുവച്ച പദ്ധതിണ് ഡെസ്റ്റിനേഷൻ ചലഞ്ച്. ഇതിൽ  60 ശതമാനം തുക ടൂറിസം വകുപ്പും ബാക്കി ത്രിതല പഞ്ചായത്തും ഏറ്റെടുക്കും. ഡെസ്റ്റിനേഷൻ ചലഞ്ച് പ്രഖ്യാപിച്ചാൽ കേരളത്തിൽ നൂറിലേറെ  unexplored destinations-നെ എക്സ്പ്ലോർ ചെയ്യിക്കാൻ സാധിക്കും.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഇന്നത്തെ ചോദ്യത്തിനുള്ള ഉത്തരത്തിൽ, നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള സംവിധാനം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്റെ മണ്ഡലമായ തിരൂരങ്ങാടിയിലെ പരപ്പനങ്ങാടി കീരനല്ലൂർ ന്യൂകട്ട് ടൂറിസം പദ്ധതി. പ്രസ്തുത പദ്ധതിക്കാവശ്യമായ ഒരേക്കറോളം സ്ഥലം ജലവിഭവ വകുപ്പ് തന്നു. അതിന് എ.എസ്.-ഉം റ്റി.എസ്.-ഉം കൊടുത്തു. ടെണ്ടർ ചെയ്തു. എഫ്.ഐ.ടി. എന്നുപറയുന്ന ഏജൻസി ഏറ്റെടുത്തു. കഴിഞ്ഞ രണ്ട് വർഷമായി. ഇപ്പോൾ ആ വർക്ക് പൂർത്തീകരിക്കാതെ പാതിവഴിയിലാണ്. ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ പ്രത്യേക പദ്ധതിയെ സംബന്ധിച്ച് പരിശോധിച്ച് അതിന്റെ വിവരം ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിക്കാം. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെയും നിർമ്മാണം നടക്കുന്ന ഇടങ്ങളിലെയും പൊതുസ്ഥിതിയെ കുറിച്ച് പരിശോധിക്കാൻ ടൂറിസം വകുപ്പുമന്ത്രി എന്നുള്ള

നിലയിൽ ഓരോ ഡെസ്റ്റിനേഷനുകളിലെയും പ്രത്യേകം യോഗം വിളിച്ച് നേരിട്ട് പങ്കെടുക്കുന്നുണ്ട്. ചിലത് മെല്ലെപ്പോകുന്നു എന്നത് വസ്തുതയാണ്. അവയെ വേഗത്തിലാക്കേണ്ടതുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ ഒരു സ്മാരകം പണിയുന്നതുമായി ബന്ധപ്പെട്ട് ഈ സഭയിൽ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ സഭയ്ക്ക് ഉറപ്പ് തന്നതായിരുന്നു. വാഗൺ ട്രാജഡി എന്നറിയപ്പെടുന്ന, സ്വാതന്ത്ര്യ സമര സേനാനികളെ വാഗണിലിട്ട് കൂട്ടക്കുരുതി നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് തിരൂരിൽ, കേരളത്തിൽ പൊതുവിലും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും നടന്ന സ്വാതന്ത്ര്യ സമര ചരിത്രങ്ങൾ ഉല്ലേഖനം ചെയ്യുന്ന തരത്തിലുള്ള ഒരു മ്യൂസിയവും നല്ലൊരു ഗ്രന്ഥപ്പുരയും, ഡൽഹിയിൽ റെഡ്ഫോർട്ടിലുള്ളതുപോലെ ഒരു ലൈറ്റ് ആൻഡ് സൗണ്ട് പ്രോഗ്രാമും ഒപ്പം ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന തരത്തിലുള്ള മറ്റുള്ള വിനോദ സൗകര്യങ്ങൾകൂടി നൽകുന്ന തരത്തിൽ നല്ലൊരു പാർക്കും ഉൾക്കൊള്ളുന്ന ഒരു സ്മാരകം തിരൂരിൽ ഉണ്ടാക്കുക എന്നൊരു ആവശ്യം ഉന്നയിച്ചിരുന്നു. ബഡ്ജറ്റിൽ അത് പ്രതീക്ഷിച്ചതായിരുന്നു. പക്ഷേ അതുണ്ടായില്ല. അത് ഈ

സാമ്പത്തിക വർഷം ആരംഭിക്കുവാൻ തയ്യാറാകുമോ എന്നറിയാൻ ആഗ്രഹമുണ്ട്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, Wagon massacre (വാഗൺ കൂട്ടക്കൊല), അതൊരു ദുരന്തമല്ല, ബോധപൂർവ്വം നടന്നൊരു കൂട്ടക്കൊലയാണ്. മുൻപ് നമ്മൾ സഭയിൽ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ വീണ്ടും അത് ആവർത്തിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നുണ്ട്. Wagon massacre എന്നുള്ള നിലയിൽത്തന്നെ തിരൂരിന്റെ പ്രത്യേകത, കർഷക സമരവും രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര പോരാട്ടത്തിനും വഹിച്ചിട്ടുള്ള പങ്ക് അതൊക്കെ വച്ചുകൊണ്ട് ഇപ്പോൾ പറഞ്ഞിട്ടുള്ള നിർദ്ദേശം ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഉള്ളതുതന്നെയാണ് എന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. എ. കെ. എം.അഷ്റഫ്</u>: സർ, ഏതൊരു ടൂറിസ്റ്റിനെയും ആദ്യം വരവേൽക്കേണ്ടത് നമ്മുടെ അതിർത്തിയിലെ മനോഹരമായ കവാടങ്ങളാണ്. കേരളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ വരവേൽക്കുന്ന സ്വാഗത കവാടമാണ് എന്റെ മണ്ഡലത്തിലെ മഞ്ചേശ്വരത്തെ തലപ്പാടി. ഭാഷകളുടെ

മണ്ണ്, തുളുനാടിന്റെ സാംസ്കാരികപൈതൃകം പേറുന്ന മണ്ണ് ഇവിടെ മനോഹരമായ കേരളത്തനിമയും തുളുനാടിന്റെ സംസ്കൃതിയും ഭാഷാ വൈവിദ്ധ്യവും വിളിച്ചോതുന്ന സ്വാഗതകമാനം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വിഷയം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിലെ ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്. ഇവിടെ നേരത്തെ പലരും സൂചിപ്പിച്ചതുപോലെ ടൂറിസം ഡെസ്റ്റിനേഷന്റെ മെയിന്റനൻസാണ് ഒരു വലിയ ചോദ്യചിഹ്നമായി മാറുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ മെയിന്റനൻസിനെക്കുറിച്ച് പറഞ്ഞു. ഒരു പ്രൊഫഷണലിസം ടൂറിസം സെക്ടറിന്റെ മെയിന്റനൻസിനുവേണ്ടി ഉണ്ടാകണം. അതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സ്കൂളുകളുമായി ആലോചിച്ചുകൊണ്ട്, യഥാർത്ഥത്തിൽ തലശ്ശേരി സബ്കളക്ടർ മുൻകയ്യെടുത്തുകൊണ്ട് തലശ്ശേരിയുടെ ചില ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ സ്കൂൾ ടൂറിസം ക്ലബ്ബുകളുമായി താരതമ്യം ചെയ്തുകൊണ്ട്

ക്ലിയർ ചെയ്യുവാനുള്ള സംവിധാനങ്ങൾ ആലോചിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾ കേരളത്തിൽ എല്ലായിടത്തും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച വിഷയം നേരത്തെയും വന്നതാണ്. കണ്ണൂർ സർവ്വകലാശാല യൂണിയന്റെ ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട് സർവ്വകലാശാല യൂണിയന്റെ ഭാരവാഹികളുമായി ചർച്ച നടത്തിയിരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഒരു തവണ ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്തു. അടുത്ത തവണ ഞങ്ങൾ ചർച്ചയ്ക്ക് ഇരിക്കുകയാണ്. കേരളത്തിലെ ക്യാമ്പസ്സുകളിലാകെ ടൂറിസം ക്ലബ്ബ് കൊണ്ടുവരുന്ന പ്രവർത്തനം ആലോചിച്ച് മുന്നോട്ട് പോകാവുന്ന കാര്യമാണ്. അത് മറ്റൊരു വകുപ്പുംകൂടി ഇരുന്ന് ചർച്ച ചെയ്യേണ്ട വിഷയം എന്നുള്ള നിലയിൽ ഉടനെ ചർച്ച ചെയ്ത് ആ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ അതിരപ്പിള്ളിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം ടൂറിസം മേഖല വളരെ തകർച്ച

നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇലക്ട്രിസിറ്റി വകുപ്പിന്റെ കീഴിൽ 200-ഓളം ക്വാർട്ടേഴ്സുകൾ അവിടെ നശിച്ചുകിടക്കുകയാണ്. അതുകൊണ്ട് അവിടെ വൈദ്യുതി - വനം വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് അതിരപ്പിള്ളി മലക്കപ്പാറ മേഖലയിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അതിരപ്പിള്ളി ഒരു പ്രധാന ഡെസ്റ്റിനേഷനാണ്. അതിൽ മറ്റ് വകുപ്പുമായി ബന്ധപ്പെട്ട വിഷയം കൂടിയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് വിളിച്ചുചേർക്കാൻ തീരുമാനിച്ച കാര്യം കൂടി ഇവിടെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, എന്റെ മണ്ഡലമായ പുതുക്കാട് നിയോജകമണ്ഡലത്തിലെ ചിമ്മിനിഡാമും പരിസര പ്രദേശവും വളരെ മനോഹരമായ മലയോരമേഖലയാണ്. അവിടെ നിയന്ത്രണത്തോടുകൂടിയുള്ള പ്രവേശന അനുമതിയും അടിസ്ഥാന മേഖലയിലെ വികസന പദ്ധതിയും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് പരിശോധിക്കാവുന്നതാണ്. പൊതുവെ മലയോരമേഖലയിൽ കണ്ടുകൊണ്ടിരിക്കുന്ന ട്രെൻഡ്

മോട്ടോർബൈക്ക് യാത്രകൾ കൂട്ടമായി ഡ്രൈവ്കേഷനെന്നുള്ള നിലയിൽ രൂപപ്പെട്ടിട്ടുണ്ട്. ലോകത്ത് രൂപപ്പെട്ടത് കേരളത്തിലും വരുന്നുണ്ട്. ആ നിലയിൽ നമുക്ക് പ്രത്യേകം എടുത്ത് പരിശോധിക്കാം. അതുപോലൊരു ട്രെൻഡാണ് സ്ത്രീകൾ കൂട്ടമായും ഒറ്റയ്ക്കും യാത്ര ചെയ്യുന്ന സോളോവിമൻ ട്രാവലർ. പ്രത്യേകിച്ച് കേരളം അതിന് വളരെ സുരക്ഷിതമാണെന്നാണ് പൊതുവെ കാണുന്നത്. അത് ഉൾപ്പെടെ മലയോരമേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഇത് രണ്ടും നടപ്പിലാക്കാം. റിവെന്റ് ടൂറിസം എന്നുള്ള നിലയിൽ ലോകത്ത് കുറെക്കാലമായി യാത്ര ചെയ്യാതെ നിൽക്കുന്ന മനുഷ്യർക്ക് എവിടേയ്ക്കെങ്കിലും യാത്ര ചെയ്യാനുള്ള അവസരങ്ങൾ തേടുകയാണ്. അതിന്റെ ഭാഗമായി ആഭ്യന്തര ടൂറിസത്തിന്റെ വളർച്ചയ്ക്ക് പുതിയ റിവെന്റ് ടൂറിസത്തിന്റെ സാദ്ധ്യതകളെക്കൂടി നമുക്ക് ഉപയോഗപ്പെടുത്തി ഇതുമായി കണക്ട് ചെയ്യാവുന്നതാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അങ്ങ് ഒരുപാട് നല്ല പദ്ധതികൾ ടൂറിസം മേഖലയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ടൂറിസം വേറൊരു കാഴ്ചപ്പാടിലേയ്ക്കുകൊണ്ടുവരുന്നു. നല്ല കാര്യം തന്നെ. പക്ഷെ ചില പദ്ധതികൾ, എന്റെ മണ്ഡലത്തിലെ ആലുവയിലെ മുൻസിപ്പൽ പാർക്കുണ്ട്.

ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ച്, അങ്ങ് വളരെ പോസിറ്റീവായി നിലപാട് സ്വീകരിച്ചു. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, പക്ഷെ ചില വഴിമുടക്കികളായ ഉദ്യോഗസ്ഥരുണ്ട്, ഒരു ഡെപ്യൂട്ടി ഡയറക്ടറുണ്ട്, ഞാൻ അഞ്ചാറ് മാസമായി പദ്ധതി തയ്യാറാക്കി അതിന്റെ എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കുകയാണ്. അത് തിരുവനന്തപുരത്ത് പ്ലാനിംഗിലേയ്ക്ക് നൽകണം. അദ്ദേഹം ഓരോ വകുപ്പും റൂളും പറഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൂടട്ടെ, കൂടാൻ തീയതി തീരുമാനിക്കട്ടെ എന്ന് പറഞ്ഞിരിക്കുകയാണ്. ഇവിടെ നേരത്തെ വന്നാൽ മാത്രമേ അതിന്റെ പേപ്പർ വർക്ക് നീങ്ങുകയുള്ളൂ. വർക്കിംഗ് ഗ്രൂപ്പിൽ പോകുകയുള്ളൂ. ഇങ്ങനെയുള്ള വഴിമുടക്കികളായ ഉദ്യോഗസ്ഥൻമാർ ഉണ്ടായാൽ നമുക്ക് എങ്ങനെ ടൂറിസം മേഖലയെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അങ്ങ് ഇങ്ങനെയുള്ള ഉദ്യോഗസ്ഥരെ തിരിച്ചറിയുന്നുണ്ടോ; അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കാൻ അവർ അർഹർ അല്ല, അതുകൊണ്ട് പല പദ്ധതികളും ഇഴഞ്ഞുനീങ്ങുന്ന സാഹചര്യമുണ്ട്, അങ്ങ് അതിൽ ഇടപെടുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഉദ്യോഗസ്ഥർ രണ്ട്

രീതിയിലുള്ളവരുണ്ട്. ഒന്ന് വഴിമുടക്കുന്ന മനോഭാവമുള്ളവർ ഉണ്ട്. മറ്റൊന്ന് വഴി നന്നായി തുറന്നുവിട്ട് വേഗത്തിലാക്കുന്ന മനോഭാവമുള്ളവരുമുണ്ട്. വഴി തുറന്നുവിട്ട് വേഗത്തിലാക്കുന്ന മനോഭാവമുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരാണ് ഇന്ന് സംസ്ഥാനം ഭരിക്കുന്നത്. വഴി മുടക്കുന്നവരെ തീർച്ചയായും തിരുത്തി വഴി തുറന്ന് വേഗത്തിലാക്കുന്നവരുടെ ചേരിയിലാക്കാനുള്ള പരിപാടി തന്നെയായിരിക്കും ടൂറിസം വകുപ്പ് ആലോചിക്കുന്നത്.

<u>ശ്രീ കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും വളരെ ഊർജ്ജസ്വലമായി ടൂറിസം രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വാകമലയിൽ ബഹുമാനപ്പെട്ട ശൈലജ ടീച്ചർ മന്ത്രിയായിരുന്ന സമയത്ത് ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിരുന്നു. പിന്നീട് അവിടുത്തെ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫോറസ്റ്റ് വന മേഖലയിൽ ടൂറിസം പദ്ധതികൾ ആരംഭിച്ചാൽ ടൂറിസ്റ്റുകളെ നിയന്ത്രിക്കുന്നതും ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതും പ്രയാസമാകുമെന്നും അതോടൊപ്പം പക്ഷിമൃഗാദികൾക്കും മറ്റ് ജന്തുജാലങ്ങൾക്കും സൂക്ഷ്മജീവികൾക്കും അവരുടെ സ്വൈരവിഹാരത്തിന് തടസ്സം സൃഷ്ടിക്കും

അതുകൊണ്ട് അനുവദിക്കാൻ പാടില്ല എന്നുപറഞ്ഞുകൊണ്ടുള്ള ഒരു കത്ത് തന്നിരുന്നു. അൻപതിൽപ്പരം ക്വാറികൾ അവിടെയുണ്ട്. എന്റെ വീട്ടിൽനിന്ന് ഏകദേശം എട്ട് കിലോമീറ്റർ ദൂരെയാണ് ക്വാറികൾ. രാവിലെ വെടി ഒച്ചകേട്ടിട്ടാണ് ഞങ്ങൾ ഉണരുന്നത്. ഇതിലൊന്നും ഒരു പ്രശ്നവുമില്ല. ഇതിൽ പക്ഷിമൃഗാദികൾക്കൊന്നും ഒരു പ്രശ്നവുമില്ല. ആളുകൾ അതുവഴി പോയാൽ പ്രശ്നമാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഒരു പ്രാവശ്യം അവിടെ യോഗത്തിൽവച്ചുതന്നെ പറഞ്ഞു പി. ആർ. കുറുപ്പ് ഇന്റർപ്രട്ടേഷൻ സെന്ററിന്റെ അവിടെനിന്ന് ആരംഭിക്കുന്ന ടൂറിസം പദ്ധതി. ഫോറസ്റ്റ് വകുപ്പും പോലീസും ടൂറിസം വകുപ്പും എല്ലാ പരിശോധിച്ച് അതിന് രൂപ രേഖ തയ്യാറാക്കിവരുമ്പോഴാണ് ഇത്തരത്തിലുള്ള ഒരു കത്ത്. കളക്ടർ തന്നെ കൊടുത്തിരിക്കുന്നത് ഇത് സാദ്ധ്യമല്ലെന്നാണ്. ഈ ടൂറിസം പദ്ധതിക്കുള്ള അനുമതി ലഭ്യമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വനം വകുപ്പുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ഒരുമിച്ച് മുന്നോട്ട് പോകേണ്ടതുണ്ട്. ഒരു തവണ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രത്യേക വിഷയം ഉൾപ്പെടെ വനം വകുപ്പും ടൂറിസം വകുപ്പും ചേർന്ന് ഫോറസ്റ്റ് ടൂറിസത്തിന്റെ സാദ്ധ്യതകൂടി ഫലപ്രദമായി എങ്ങനെ

ഉപയോഗപ്പെടുത്താം എന്നുള്ളത് പരിശോധിച്ച് ചർച്ച ചെയ്യാവുന്നതാണ്. അതുപോലെ മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ടുള്ള ടൂറിസം പദ്ധതികളും.

ശ്രീ. എം. വിൻസെന്റ്: സർ, ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിന് അങ്ങ് നിരവധി പദ്ധതികൾ പ്രഖ്യാപിച്ചു. ഡെസ്റ്റിനേഷൻ മാനേജ്മെന്റിന്റെ പോരായ്മകൾ വലിയ രീതിയിൽ ടൂറിസത്തെ ബാധിക്കുകയാണ്. കോവളം കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ടൂറിസം ഡെസ്റ്റിനേഷനാണ്. അവിടെ ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം തീരശോഷണമാണ്. അവിടെ നിലവിൽ സൈലന്റ്‌വലി എന്ന് പറയുന്ന ഒരു പദ്ധതിയുണ്ട്. അത് ഇതുവരെ തുറന്നുകൊടുത്തിട്ടില്ല. നേരത്തെ അൻപത് വർഷം പഴക്കമുള്ള ഒരു ഗ്രാമത്തെ തന്നെ അവിടെ ആവിഷ്കരിച്ച് ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതികളെല്ലാം നിർത്തലാക്കുകയാണ്. അന്ന് ഇതെല്ലാം മാനേജ് ചെയ്യുന്നതിനുവേണ്ടി കോവളം ടൂറിസം ഡെവലപ്പ്മെന്റ് കൗൺസിലുണ്ടായിരുന്നു, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മന്ത്രിമാരും എല്ലാവരും ഉൾപ്പെടുന്ന ഡെവലപ്പ്മെന്റ് കൗൺസിൽ പത്ത് വർഷമായി നിർത്തിയിരിക്കുകയാണ്. അത് വീണ്ടും പുനരുജ്ജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇന്റർനാഷണൽ തലത്തിൽതന്നെ കോവളം ഒരു പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ്. വിദേശ സഞ്ചാരികളിൽ പലർക്കും കോവളം എന്നേ അറിയൂ, കേരളം പോലും അറിയാത്തവരുണ്ടെന്നാണ് ഒന്നുരണ്ട് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ആളുകളുടെ റിപ്പോർട്ടിൽ നിന്ന് ഞാൻ വായിച്ചിട്ടുണ്ട്. കോവളം ഇപ്പോൾ പലരീതിയിലുള്ള പ്രതിസന്ധികളും നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് ശരിയാണ്. അത് പരിഹരിക്കാൻ വേണ്ടി അവിടുത്തെ എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് വളരെ വിശദമായ ഒരു യോഗം വിളിച്ചുചേർക്കാൻ വേണ്ടി തീരുമാനിച്ച വിവരം കൂടി ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പാലക്കാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് ജില്ലാകേന്ദ്രത്തിൽനിന്ന് വളരെ ദൂരെയാണ്. അതുകൊണ്ടുതന്നെ വിനോദസഞ്ചാരികൾക്ക് ഒരു ദിവസം ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഇത് പരിഹരിക്കാൻ ഹെലികോപ്റ്റർ ടൂറിസം വഴി പ്രസ്തുത കേന്ദ്രങ്ങളെ കോർത്തിണക്കാൻ സാധിക്കുമോ; പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ

തകർന്നുകിടക്കുന്ന റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കാൻ മുൻഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പരിശോധിക്കാവുന്ന കാര്യമാണ്. ഹെലിടൂറിസത്തിന്റെ സാദ്ധ്യത കേരളത്തിൽ വളരെ നല്ലനിലയിലുണ്ട്. ഹെലിടൂറിസത്തിന്റെ സാദ്ധ്യത കണ്ടുകൊണ്ട് ഹെലിപാഡുകൾ വന്ന് ഒരു ഹെലികോപ്റ്ററിൽ നാലോ ആറോ പേർക്ക് ഇരിക്കാവുന്ന നിലയിൽ പ്രധാന എയർപോർട്ടുകൾ കേന്ദ്രീകരിച്ച് ഉത്തരേന്ത്യയിൽനിന്ന് മറ്റും വരുന്നവർ നേരിട്ട് വയനാട്, ഇടുക്കി, പാലക്കാട് എന്നിങ്ങനെ കേരളത്തിന്റെ പല ഭാഗങ്ങളിലെത്തുന്ന നിലയിലേക്കുള്ള ഒരു പദ്ധതി ടൂറിസം വകുപ്പ് ചർച്ചചെയ്ത് മുന്നോട്ടുപോകുന്നു. ഹെലിടൂറിസത്തിന്റെ സാദ്ധ്യത ആലോചിക്കാം. ഈ പ്രത്യേക ഇടത്തേയും ആ നിലയിൽതന്നെ പരിശോധിക്കാവുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

2 (*92) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. മമ്മിക്കുട്ടി:

ഡോ സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ)സംസ്ഥാനത്ത് വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്ത് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി)ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെന്ന വ്യാജേന കൊടും കുറ്റവാളികൾ വ്യാജ തിരിച്ചറിയൽ കാർഡുമായി സംസ്ഥാനത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി)ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും മറ്റുമായി തൊഴിൽ വകുപ്പ് പ്രഖ്യാപിച്ച അതിഥി ആപ്പ് സജ്ജമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി)ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ആവാസ് പദ്ധതിയുടെ വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി):</u> സർ,

(എ)ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതി മുഖേന അതിഥി തൊഴിലാളികളുടെ

രജിസ്ട്രേഷൻ നടന്നു വരുന്നുണ്ട്. 07-03-2022 വരെ അഞ്ച് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി അമ്പത്തിയൊമ്പത് (513359) തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ആവാസ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട് (58888) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര വകുപ്പ് നൽകിയ വിവരങ്ങൾ അനുസരിച്ച് ആലപ്പുഴ ജില്ലയിലും കാസർഗോഡ് ജില്ലയിലുമായി മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വെൺമണി പോലീസ് സ്റ്റേഷനിൽ ഇതു സംബന്ധിച്ച് ക്രൈം നമ്പർ 1069/2019, 1075/2019 എന്നീ രണ്ട് കേസുകളും കാസർഗോഡ് ജില്ലയിലെ ചന്തേര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 683/2021 ആയി ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി)അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും അതിഥി തൊഴിലാളികൾക്ക് സർക്കാരിൽ നിന്നുള്ള വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഇവരുടെ പേരും മേൽവിലാസവും അടങ്ങുന്ന പൂർണ്ണ വിവരങ്ങൾ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിൽ തേടി

എത്തുന്ന അവസരത്തിൽ തന്നെ ശേഖരിക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തൊഴിൽ വകുപ്പ് വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ ആപ്പിന്റെ വികസനത്തിനായി എൻ.ഐ.സി.യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായിട്ടുള്ള വെബ് പോർട്ടലിന്റെ വികസനം എൻ.ഐ.സി. പൂർത്തിയാക്കിയിട്ടുണ്ട്. മൊബൈൽ ആപ്പിന്റെ പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരികയാണ്.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതിയിലൂടെയുള്ള രജിസ്ട്രേഷൻ തുടർന്ന് വരുകയാണ്. 07-03-2022 വരെ അഞ്ച് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി അമ്പത്തിയൊമ്പത് (513359) തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളെ അതിഥികളായി കണ്ട് നിരവധി പദ്ധതികളാണ് വകുപ്പും മന്ത്രിയും ആവിഷ്കരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ

നവീകരിക്കുകയും, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഉൾപ്പെടെ നവീന ആശയങ്ങളുമായി മുന്നോട്ട് പോകുന്ന തൊഴിൽ വകുപ്പിനേയും ഗവൺമെന്റിനേയും അഭിനന്ദിക്കുന്നു. ചില കണക്കുകൾ സൂചിപ്പിക്കുന്ന പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ എത്രപേർ ആവാസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്, പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരും അല്ലാത്തവരുമായവരിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ, കിറ്റക്സിലെ ആക്രമണവുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തു?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ 7-3-2022 വരെ 513359 തൊഴിലാളികളാണ് ആവാസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. കിറ്റക്സിലുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 1587/21 പ്രകാരം 51 പേർക്കെതിരേയും, ക്രൈം നമ്പർ 1558/21 പ്രകാരം 174 പേർക്കെതിരേയും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 116 പേർക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്. ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി

തൊഴിലാളികളുടെ വിവരങ്ങൾ സംബന്ധിച്ച വിഷയം ആഭ്യന്തരവകുപ്പിന്റെ അധികാര പരിധിയിലുള്ളതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ആവാസ് പദ്ധതിയിൽ നിന്ന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്, നാളിതുവരെ എത്രപേർക്ക് ആവാസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്? പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം എത്രയാണ്, സംസ്ഥാനത്തുവച്ച് മരിച്ച തൊഴിലാളികളുടെ മൃതദേഹം അവരുടെ നാട്ടിൽ കൊണ്ടുപോകുന്നതിന് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട് ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇത് 5 ചോദ്യങ്ങൾ ഉണ്ട്, അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, തിരിച്ചറിയൽ കാർഡ്, ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടാണ് ആവാസ് എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. നമ്മുടെ സഭ അറിയേണ്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തുന്ന വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനുമിടയിൽ പ്രായമുള്ള

തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇതിൽ അംഗമാകുന്ന ഓരോരുത്തർക്കും 25000 രൂപയുടെ സൗജന്യ ചികിത്സയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ ഇൻഷ്വറൻസിനൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സാസഹായം എന്നനിലയിൽ 25000 രൂപയുടെ സഹായവും കൊടുക്കുന്നുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും ഉൾപ്പെടുത്തിയിട്ടുണ്ട്, ജോലിക്കിടയിൽ അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപ കൊടുക്കുകയും ഇൻഷ്വറൻസ് പദ്ധതിയിൽ അവരെ അംഗങ്ങളാക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് കൊടുക്കുന്നതിന് സംബന്ധിച്ചുള്ള ആലോചന നടന്നുവരികയാണ്. 7-3-2022 വരെ 513359 കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളത്. അതിഥി തൊഴിലാളികളുടെ അപകട മരണ ഇൻഷ്വറൻസ് 27 പേർക്ക് 2 ലക്ഷം രൂപ വീതം ആകെ 54 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ചികിത്സയിനത്തിൽ 326 പേർക്ക് 20,02,328 രൂപ കൊടുത്തിട്ടുണ്ട്. ഇതെല്ലാം മറ്റു സംസ്ഥാനങ്ങളെ വച്ച് നോക്കുമ്പോൾ ഏറ്റവും

കൂടുതൽ തുക കൊടുക്കുന്നത് കേരളമാണെന്നുള്ള കാര്യം കൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഒന്നിലേറെ ചോദ്യങ്ങൾ ഉപചോദ്യത്തിന്റെ മറവിൽ ചോദിക്കരുത്, അത് പ്രത്യേകമായി ചോദിക്കണം.

ശ്രീ. പി. ടി. എ. റഹീം: സർ, അതിഥി തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്, ഇനിയും ആരംഭിക്കാത്ത സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഫെസിലിറ്റേഷൻ സെന്ററുകൾ ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. ആരംഭിക്കാത്ത മറ്റു ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം ഉടനെ തന്നെ ആരംഭിക്കുമെന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, അതിഥി തൊഴിലാളികൾക്കുവേണ്ടി ഭവന ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ്

താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്, ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അതിഥി തൊഴിലാളികൾക്ക് താമസിക്കുന്നതിന് വേണ്ടി ഭവനം ഫൗണ്ടേഷൻ മുഖാന്തരമാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ടുള്ള കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ 650 കിടക്കകളോടുകൂടിയ ഹോസ്റ്റൽ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ 520 ബെഡ്ഡുകളോടുകൂടിയ ഹോസ്റ്റൽ സമുച്ചയവും, എറണാകുളത്ത് കളമശ്ശേരിയിൽ കിൻഫ്രാ ഹൈടെക്കിനുള്ളിൽ 534 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ കേരളത്തിൽ ജോലി ചെയ്യുന്ന മുഴുവൻ അതിഥി തൊഴിലാളികളേയും അംഗങ്ങളാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? ഇവരുടെ വാസയിടങ്ങളിൽ ആരോഗ്യകരമായ ജീവിത അന്തരീക്ഷം

നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വകുപ്പിന് സാധിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അതിഥി തൊഴിലാളികളുടെ ആരോഗ്യവും തൊഴിലും സംരക്ഷിക്കുന്നതിന് വകുപ്പ് തയ്യാറാണ്. പക്ഷെ എല്ലാ തൊഴിലാളികളും ആ നിലയിൽ നമ്മളോട് സഹകരിക്കുന്നില്ലെന്നുള്ള പ്രശ്നം നമ്മുടെ മുന്നിൽ ഉണ്ട്. അവരെയെല്ലാം സഹകരിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് വകുപ്പ്. അവരുടെ വാസയിടങ്ങളിൽ ആരോഗ്യകരമായ ജീവിതാന്തരീക്ഷം നിലനിർത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പരിശോധന തൊഴിൽ വകുപ്പ് നടത്തുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ അവർക്കുവേണ്ടി 192 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ക്യാമ്പിനായി 44 ലക്ഷം രൂപ ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിഥി തൊഴിലാളികളെ നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ പരിഗണന എല്ലാ നിലയിലും കൊടുക്കുകയാണെന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അന്യരായി കണ്ടിരുന്നവരെ അതിഥികളായി കണ്ടവരാണ് നമ്മൾ. മറ്റ്

സംസ്ഥാനങ്ങളിൽ നിന്ന് കടന്നുവരുന്നവരുടെ ക്രിമിനൽ പശ്ചാത്തലം, അതുപോലെ ഇവിടെ വന്ന് ക്രിമിനലായി മാറുന്ന സ്ഥിതി, ഇങ്ങനെയൊക്കെയുള്ള ഒരു സ്ഥിതി വിശേഷമാണ് നിലനില്ക്കുന്നത്. അവരെ ആട്ടിയകറ്റാൻ നമ്മളാരും ശ്രമിക്കുന്നില്ല.

മി.സ്പീക്കർ: ചോദ്യം സംക്ഷിപ്തമായി ചോദിക്കണം.

ശ്രീ. എം. രാജഗോപാലൻ: സർ, അതുകൊണ്ട് അതിഥി തൊഴിലാളികളെ ബോധവത്കരിക്കാനും അവരുടെ ഭാഷയിൽ ഒരു സാംസ്കാരികോത്സവം സംഘടിപ്പിച്ചുകൊണ്ട് സാംസ്കാരികമായി ശാക്തീകരിക്കാനുള്ള ശ്രമം നടത്താൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അക്കാര്യം ആലോചിക്കാം. നാം സംഘടിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഇവരെ കിട്ടാത്ത സ്ഥിതിയാണ്. ജോലി കഴിഞ്ഞ് ഒരാഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഏതെങ്കിലും ഒരു പ്രദേശത്ത് ഇവർ ഒത്തുചേരുന്നത്. ഇപ്പോഴും ഇവിടേയ്ക്ക് കൊണ്ടുവരുന്ന ഏജന്റുമാരുടെ പിടിയിലാണ് തൊഴിലാളികൾ. സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സഹായവുമായി ചെന്നുകഴിഞ്ഞാലും അവരുടെ അവസാന വാക്ക് ഏജന്റുമാരാണ്. ഹിന്ദി അറിയാവുന്ന ഉദ്യോഗസ്ഥർ വഴി

കാര്യങ്ങൾ പറയുമെങ്കിലും എല്ലാ കാര്യങ്ങളും അവർ ഉൾക്കൊള്ളുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നിർമ്മാണ മേഖല മുതൽ കേരളത്തിന്റെ എല്ലാ തൊഴിൽ മേഖലകളിലും അവരുടെ സാന്നിധ്യവും സഹായവും ഉണ്ടെന്നുള്ള കാര്യം നാം മനസ്സിലാക്കുന്നു. അതെല്ലാം കണ്ടുകൊണ്ട് സാംസ്കാരികം, കല, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലും നമ്മുടെ സർക്കാർ മറ്റു തൊഴിലാളികൾക്ക് ചെയ്യുന്നപോലുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, അതിഥി തൊഴിലാളികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങളിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള കർശനമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാണോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിനകത്തും പുറത്തും തൊഴിൽ ചെയ്യാൻ തൊഴിലാളികളെ കൊണ്ടുപോകുമ്പോൾ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും നിലനില്ക്കുന്ന നിയമങ്ങൾ അവർക്ക് ബാധകമാണ്. പ്രസ്തുത നിയമങ്ങൾ ഏതെങ്കിലും സ്ഥാപനം ലംഘിക്കുന്നുണ്ടെങ്കിൽ കർശനമായ നടപടി സ്വീകരിക്കും. ഇവിടെ അങ്ങയുടെ മണ്ഡലത്തിലുള്ള കിറ്റെക്സ്

സ്ഥാപനത്തിലുണ്ടായ ചില സംഭവവികാസങ്ങളെ സംബന്ധിച്ച് ലേബർ കമ്മീഷണർ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ കൈവശമുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, അതിഥി തൊഴിലാളികൾ താമസിക്കുന്ന വീടുകളെ കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ രണ്ട് പേർക്ക് താമസിക്കാൻ സൗകര്യമുള്ള മുറിയിൽ പത്ത് പേരെ താമസിപ്പിക്കും. അതുണ്ടാക്കുന്ന മാലിന്യപ്രശ്നങ്ങളും മറ്റുസാമൂഹിക പ്രശ്നങ്ങളും വളരെ വലുതാണ്. ഗ്രാമപ്രദേശങ്ങളിൽ വളരെ വ്യാപകമായി കാണാൻ കഴിയുന്ന ഒരു കാഴ്ചയാണിത്. ആരോഗ്യവകുപ്പ്, ലേബർ ഡിപ്പാർട്ട്മെന്റ്, പോലീസ് തുടങ്ങി ഒരു ഭാഗത്തുനിന്നും ഇതുസംബന്ധിച്ച് യാതൊരു പരിശോധനയും ഉണ്ടാകുന്നില്ല. ഇത്തരം കാര്യങ്ങളിൽ കർശനമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അത്തരത്തിൽ ഒരു ഇടപെടൽ നടത്തുന്നതിന് യാതൊരു പ്രയാസവുമില്ല. സ്വതന്ത്രമായി താമസിക്കുന്നതിന് അവർക്ക് സ്ഥലവും വീടും കൊടുത്തിരുന്നാലും വൈകുന്നേരമാകുമ്പോൾ ഇവർ

ഒരുമിച്ച് കൂട്ടം. ഇത്തരത്തിലുള്ള ചില പ്രശ്നങ്ങളുണ്ട്. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ ഇടപെടൽ നടത്തിയതിനുശേഷം ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ കരാറുകാരൻ 25 തൊഴിലാളികളെ കൊണ്ടുവരുന്നു, രണ്ടോ മൂന്നോ മുറികളിൽ ഇവരെ താമസിപ്പിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങൾ ഇപ്പോഴും കുറേയൊക്കെ നടക്കുന്നുണ്ട്. ലേബർ ഡിപ്പാർട്ട്മെന്റിന് പരിശോധന കർശനമാക്കുന്നതിനുള്ള നിർദ്ദേശം നല്കാം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പണ്ട് തോട്ടം തൊഴിലാളികളെ തൊഴിൽ മേഖലയിൽ എത്തിച്ചിരുന്നത് കങ്കാണിമാരായിരുന്നു. ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് അതിഥികളായി എത്തുന്നവരെ ഏജന്റുമാരാണ് അവിടെ കൊണ്ടെത്തിക്കുന്നത്. നിലവിലുള്ള തോട്ടങ്ങൾ പാട്ടക്കാലാവധി കഴിഞ്ഞ് ഏറ്റെടുത്തതിന്റെ ഭാഗമായി സ്ഥിരം തൊഴിലും, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നെല്ലിയാമ്പതി ഉൾപ്പെടെയുള്ള തോട്ടം മേഖലകളിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, അതിഥി തൊഴിലാളികളെ കൊണ്ടുവന്ന് സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിലാണ് താമസിപ്പിക്കുന്നത്.

ഇത്തരത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്ന അതിഥി തൊഴിലാളികളുടെ താമസസൗകര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയും സുനിശ്ചിതമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇവിടെ ഗൗരവമായി ആലോചിക്കേണ്ട വിഷയം, ഇപ്പോൾ ആർക്കുവേണമെങ്കിലും സ്വയം ഏജന്റായി പ്രഖ്യാപിച്ച് തൊഴിലാളികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ കൊണ്ടുവന്ന് ജോലി ചെയ്യിപ്പിച്ച് ഇടനിലക്കാരനായി നിന്ന് അവർക്ക് കിട്ടുന്ന ശമ്പളത്തെ ചൂഷണം ചെയ്യാനുള്ള അവസരമുണ്ട്. ജോലി ചെയ്യതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ശമ്പളം വാങ്ങുന്നെന്നുപോലും തൊഴിലാളിക്കറിയുന്ന സാഹചര്യമില്ല. അതുകൊണ്ട് തൊഴിലാളികളെ റിക്രൂട്ട് ചെയ്തുകൊണ്ടുവരുന്നത് സംബന്ധിച്ച് ചില യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ച് ലൈസൻസ്/ സർട്ടിഫിക്കറ്റ്/ അധികാരപത്രം പോലെ ഒരു സംവിധാനത്തെക്കുറിച്ച് ലേബർ ഡിപ്പാർട്ട്മെന്റ് ഗൗരവമായി ആലോചിക്കുകയാണ്. അങ്ങനെയാകുമ്പോൾ കൊണ്ടുവരുന്ന

ഇടനിലക്കാരന്/കരാറുകാരന് ഇത് സംബന്ധിച്ച് ഉത്തരവാദിത്വമുണ്ടാകും. ഇത്തരത്തിൽ സൂചിപ്പിച്ച രീതിയെക്കുറിച്ച് ആലോചിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ബംഗാൾ, ഒറീസ്സ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ആളുകളെ ആരാണ് കൊണ്ടുവരുന്നത് ? അവർ ആരാണ്? വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നതിന് റിക്രൂട്ടിംഗ് ഏജൻസികൾക്ക് കേന്ദ്രസർക്കാരിന്റെ അനുവാദം വേണം. ഇവിടെ ആർക്ക് വേണമെങ്കിലും കൊണ്ടുവരാം. അവരെ ഗുരുതരമായി ചൂഷണം ചെയ്യുകയാണ്. ആളുകൾക്ക് വേണ്ടത്ര പണം കൊടുക്കുന്നില്ല, താമസ സൗകര്യമില്ല, അവരെ കഷ്ടപ്പെടുത്തുന്നു, അവരെ മർദ്ദിക്കുന്നു എന്ന പരാതി വരെ ഉണ്ടാകുന്നു. അതുകൊണ്ട് തൊഴിൽ വകുപ്പ് ഇതുസംബന്ധിച്ച് ഒരു വ്യക്തമായ ധാരണയുണ്ടാക്കണം. റിക്രൂട്ടിംഗ് ഏജന്റ്സ് ആരാണ്? അവർക്ക് ലൈസൻസ് കൊടുക്കാൻ കഴിയുമോ? അവരുടെ ക്രഡിബിലിറ്റി എന്താണ്? അവരുടെ ക്രഡൻഷ്യൽസ് എന്താണ്? വരുന്ന ആളുകൾ ആരാണ്? ഇത്തരത്തിൽ ഒരുപാട് ചോദ്യങ്ങളുണ്ട്. നേരത്തെ ഇവിടെ

സൂചിപ്പിച്ചതുപോലെ ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട ആൾക്കാർ ഇങ്ങോട്ട് വരുന്നു. ഇത്തരം കാര്യങ്ങളിൽ വ്യക്തമായ ഒരു സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞകാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. കേരളത്തിൽ അതിഥി തൊഴിലാളികളുടെ പേരിലുണ്ടായ ഒന്നുരണ്ട് സംഭവങ്ങൾ ഒഴിവാക്കപ്പെടേണ്ടതായിരുന്നു. അതിൽ നമ്മളെല്ലാവരും അപലപിച്ചിട്ടുള്ളതാണ്. ഇതൊക്കെകാരണം പണ്ടുണ്ടായിരുന്ന പോലുള്ള വാത്സല്യവും സ്നേഹവും അവർക്ക് കിട്ടുന്നുണ്ടോയെന്ന് സംശയമാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളെ സംബന്ധിച്ച് സർക്കാരിന് ഒരു ധാരണയുണ്ടാകണം. വ്യക്തിയുടെ ചരിത്രം എന്താണെന്ന് അറിഞ്ഞിരിക്കണം. അയാൾക്ക് ആ രംഗത്തുള്ള പരിചയസമ്പത്ത് സംബന്ധിച്ച് അറിഞ്ഞിരിക്കണം. ക്രഡിബിലിറ്റി എന്താണെന്ന് അറിയിക്കണം. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി

3 (*93) ശ്രീ തോമസ് കെ തോമസ്:
ശ്രീ കെ ബി ഗണേഷ് കുമാർ:
ശ്രീ കോവൂർ കുഞ്ഞുമോൻ:
ശ്രീ മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി പുതിയതായി രൂപീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) സ്റ്റേറ്റ് ഹൈവേയുടെ അധീനതയിൽ ഉണ്ടായിരുന്ന ഭൂരിഭാഗം റോഡുകളും ദേശീയപാതാ അതോറിറ്റി ഏറ്റെടുത്തതിനെ തുടർന്ന് ദേശീയപാത വിഭാഗത്തിൽ ജോലിഭാരം തീരെ കുറവായ സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യസിപ്പിച്ച് വകുപ്പിനെ കൂടുതൽ കാര്യക്ഷമവും പ്രവർത്തന സജ്ജവുമാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചോദ്യങ്ങളെ സംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്ത്

വയ്ക്കുന്നു[*].

നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ കുറച്ചുകാലമായി നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് ചുമതല നല്കണമെന്ന അഭിപ്രായം പൊതുവേ ഉയർന്നുവന്നിരുന്നു. ഈ സർക്കാർ വന്നശേഷം ഭരണ - പ്രതിപക്ഷ കക്ഷി നേതാക്കളുമായി വ്യക്തിപരമായും അല്ലാതെയും നടത്തിയ ചർച്ചയിൽ അതിനൊരു രൂപം കൊടുക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം ജനുവരി 1 -ന് പൊതുമരാമത്തിനെ സംബന്ധിച്ച് ചരിത്രദിനമാണ്. Constituency Monitoring Team -ന് രൂപം കൊടുക്കാൻ സാധിച്ചു. എല്ലാ മണ്ഡലങ്ങളിലും സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിലയിൽ വ്യക്തിപരമായ ചുമതലകൾ നല്കിയിട്ടുണ്ട്. അവരെ മോണിറ്റർ ചെയ്യുന്നുണ്ട്. പല മണ്ഡലങ്ങളിലും റോഡുകളുടെ കിലോമീറ്റർ വളരെയധികം വ്യത്യാസമാണ്. ചിലത് കൂടുതലും ചിലത് കുറവുമാണ്. അസെറ്റുകളിൽ വ്യത്യാസമുണ്ട്. ഇതൊക്കെ പരിശോധിക്കുവാനും യഥാസമയം ഇടപെടാനും, എം.എൽ.എ.മാരിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ഫീഡ്ബാക്ക് പ്രകാരം ഇത് വളരെ ഫലപ്രദമാണെന്നാണ് കാണുന്നത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

(ബി) നേരത്തെ ഇവിടെ ചർച്ച ചെയ്ത വിഷയമാണിത്. ഉദ്യോഗസ്ഥരിൽ ചിലർ നന്നായി ജോലി ചെയ്യുന്നു. ചിലർ ജോലി ചെയ്യുന്നതിൽ ഒരുപാട് ഒഴിവ് വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാതാ വിഭാഗത്തിന്റെ കണക്ക് പരിശോധിച്ചാൽ, NHAI-ക്ക് ഹാൻഡ് ഓവർ ചെയ്തതിന്റെ ഭാഗമായി 1782 കിലോമീറ്റർ റോഡുകളുണ്ടായിരുന്നത് ഇപ്പോൾ വെറും 548 കിലോമീറ്ററുകളായി കുറഞ്ഞു. എന്നാൽ ഉദ്യോഗസ്ഥരുടെ എണ്ണം 1782 കിലോമീറ്റർ ഉണ്ടായിരുന്നപ്പോഴുള്ള എണ്ണം തന്നെയാണ്, 815 പേർ. ഉദ്യോഗസ്ഥർക്ക് അവരുടെ കഴിവുകൾ വിനിയോഗിക്കുന്നതിനുള്ള അവസരമില്ലാത്തതിന്റെ പ്രശ്നമുണ്ടായി. കുറേയാളുകൾ വെറുതേയിരിക്കുകയാണ്. അതുകൊണ്ട് അവരുടെ കഴിവുകൾ വിനിയോഗിക്കാൻവേണ്ടി 815 ഉദ്യോഗസ്ഥരിൽ 356 പേരെ മറ്റിടങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ തീരുമാനിച്ച വിവരം കൂടി അറിയിക്കുകയാണ്. ഇത് പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം, റോഡ്സ് വിഭാഗം, കെ.ആർ.എഫ്.ബി. തുടങ്ങിയ വിഭാഗങ്ങളിൽ ഉദ്യോഗസ്ഥരുടെ കുറവ് എന്ന പ്രശ്നം കുറേക്കൂടി പരിഹരിക്കാനും, ഇടപെടാനും സാധ്യമായിട്ടുണ്ടെന്നുള്ളതും അറിയിക്കുകയാണ്. പൊതുവേ നല്ല ഒരു സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ

പോയിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, പൊതുമരാമത്ത് വകുപ്പിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമുമായി ഞാനും മുൻമന്ത്രിയും ഹരിപ്പാട് എം.എൽ.എ.യുമായ ശ്രീ. രമേശ് ചെന്നിത്തലയും ഹരിപ്പാട് ഗസ്റ്റ്ഹൗസിൽ വച്ച് യോഗംചേരാൻ ഇടയാകുകയും 6 വർഷമായി മുടങ്ങിക്കിടന്ന ഒരു പ്രവൃത്തി പുനരാംരംഭിക്കാൻ സാധിക്കുകയും ചെയ്തു. ഇത്തരമൊരു സംവിധാനമുണ്ടാക്കിയതിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. തീർച്ചയായും എം.എൽ.എ.മാർക്ക് വിലയുണ്ടെന്നും അവർ വിചാരിച്ചാൽ ചില കാര്യങ്ങൾ നടക്കുമെന്ന് വരുത്തിതീർക്കുന്നതിന് സാധിക്കുമെന്നതുകൊണ്ടുതന്നെ അങ്ങ് സ്വീകരിച്ച ഈ നടപടി വളരെ പ്രശംസനീയമാണ്. എന്നാൽ പ്രസ്തുത ടീമുമായി സംസാരിച്ചപ്പോൾ അവർക്ക് ചില പരിമിതികളുണ്ടെന്നാണ് ഞങ്ങൾക്ക് മനസിലായത്. അക്കാര്യം പരിഹരിക്കുന്നതിനായി നിലവിലെ സംവിധാനം ഒന്നു വിപുലീകരിച്ച് കൊടുക്കുവാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, സ്വാഭാവികമായും ഏതൊരു

പുതിയ ചുടവുവെപ്പിനും ചില പരിമിതികൾ ഉണ്ടാകും. അനുഭവങ്ങളിലൂടെ ലഭിക്കുന്ന പാഠത്തിൽനിന്നും അത്തരം പരിമിതികൾ മറികടക്കാൻ സാധിക്കും. നേരത്തെ ചില മണ്ഡലങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെക്കൂടി കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീമിന്റെ നോഡൽ ഓഫീസർമാരായി നിശ്ചയിച്ചിരുന്നു. ഒരിക്കലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അവരുടെ മേലുദ്യോഗസ്ഥരുടെ അഭിപ്രായത്തിന് മുകളിൽ മറ്റൊരഭിപ്രായം രേഖപ്പെടുത്താൻ കഴിയില്ലെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസിലായി. അതുകൊണ്ടാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അതിന്റെ മുകളിലുള്ള ഉദ്യോഗസ്ഥരുമെന്ന രീതിയിൽ മാറ്റം വരുത്തിയത്. ഇതിനുശേഷമുള്ള അനുഭവത്തിൽനിന്നും പാഠമുൾക്കൊണ്ടുകൊണ്ട് മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ വീണ്ടും അങ്ങനെ ചെയ്യാവുന്നതാണ്. ഈ സംവിധാനംകൊണ്ട് കൃത്യമായ സ്കൂട്ടിനിയും മണ്ഡലാടിസ്ഥാനത്തിൽ ചാർട്ട് വച്ചുകൊണ്ടുള്ള പരിശോധനയും നടത്താൻ സാധ്യമായിട്ടുണ്ടെന്നാണ് പൊതുവെ വകുപ്പിൽനിന്നും എം.എൽ.എ.മാരിൽ നിന്നും ലഭ്യമായ ഫീഡ്ബാക്കിൽനിന്ന് മനസിലായിട്ടുള്ളത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, എല്ലാ മാസവും എം.എൽ.എ.മാരെക്കൂടി ഉൾപ്പെടുത്തി ഇതിനായി കളക്ടറേറ്റിൽ ഒരു പ്രത്യേക യോഗം ചേരുന്നതിനുള്ള സംവിധാനമൊരുക്കിയാൽ മാത്രമേ ഞങ്ങൾക്ക് ഇതുസംബന്ധിച്ച് ഫോളോഅപ്പ് ചെയ്യാൻ സാധിക്കുകയുള്ളൂ. പല പ്രവൃത്തികളും ഇടയ്ക്ക് നിന്നുപോകുന്നതോ പുതിയവ തുടങ്ങുന്നതോ പലപ്പോഴും ഉദ്യോഗസ്ഥർ പറയുമ്പോഴല്ലാതെ എം.എൽ.എ.മാരായ ഞങ്ങൾ അറിയാറില്ല. മേൽ സൂചിപ്പിച്ചതരത്തിൽ ഒരു യോഗം ചേർന്നാൽ ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ജനപ്രതിനിധികൾക്കുണ്ടാകുകയും തുടർനടപടികൾ കൈക്കൊള്ളാൻ സാധിക്കുകയുംചെയ്യും.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇങ്ങനെയൊരു സംവിധാനം ഇപ്പോൾത്തന്നെ തുടങ്ങിയ കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. എന്തുകൊണ്ടാണ് അറിയാതിരുന്നതെന്ന് എനിക്ക് അറിയില്ല. കളക്ടർ ചെയർമാനും എക്സിക്യൂട്ടിവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറും ബന്ധപ്പെട്ട എല്ലാ വകുപ്പിലെയും ഉദ്യോഗസ്ഥരും അടങ്ങിയ ഡി.ഐ.സി.സി (District Infrastructure Co-ordination Committee) യോഗം എല്ലാ

മാസവും നടക്കാറുണ്ട്. വർഷത്തിൽ മൂന്നുതവണ മന്ത്രിയും ചീഫ് എഞ്ചിനീയർമാരും എം.എൽ.എ.മാരും ആ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് മീറ്റിംഗ് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം എം.എൽ.എ.യ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമുണ്ട്. പ്രസ്തുത മണ്ഡലത്തിൽ എന്താണ് സംഭവിച്ചതെന്ന് അറിയില്ല, അന്വേഷിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത്തരത്തിൽ കോൺസ്റ്റിറ്റ്യൂവൻസി ലെവലിൽ കാര്യങ്ങൾ വിലയിരുത്തുന്നതിന് അവസരങ്ങൾ നൽകുന്ന ഒരു പദ്ധതി തയ്യാറാക്കിയതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഇത്തരത്തിലുള്ള ഒരു ജില്ലാതല മീറ്റിംഗ് കൊല്ലം ജില്ലയിലും വിളിച്ചുചേർത്തിട്ടില്ല. ശ്രീ. തോമസ് കെ. തോമസ് പറഞ്ഞത് ശരിയാണ്, അത്തരത്തിൽ ഒരു യോഗം നടക്കുന്നതായുള്ള നോട്ടീസ് ഞങ്ങൾക്കൊന്നും ലഭ്യമായിട്ടില്ല, അങ്ങനെയുണ്ടായിരുന്നെങ്കിൽ തീർച്ചയായും പങ്കെടുക്കുമായിരുന്നു. അന്നൊരിക്കൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിളിച്ച

യോഗം മാത്രമേ കൊല്ലം ജില്ലയിൽ നടന്നിട്ടുള്ളൂ. അതുപോലെതന്നെ നാഷണൽ ഹൈവേയുടെ നാലിൽ മൂന്ന് ഭാഗം റോഡുകളും കേന്ദ്രഗവൺമെന്റ് ഏറ്റെടുത്ത സാഹചര്യത്തിൽ ഒഴിവുവന്ന ടെക്നിക്കൽ ആന്റ് നോൺ ടെക്നിക്കൽ സ്റ്റാഫുകളെ വിന്യസിക്കുമ്പോൾ ഏറ്റവും കൂടുതൽ കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്ന പുതിയ താലൂക്കായ പത്തനാപുരത്തിൽ പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ്സ്) -ന്റെ ഒരു ഓഫീസ് സ്ഥാപിച്ചുതരുന്നത് ഗുണകരമാകും, അങ്ങനെ ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാന്യരായ രണ്ട് എം.എൽ.എ.മാരും ശ്രദ്ധയിൽപ്പെടുത്തിയ വിഷയം അതേ ഗൗരവത്തിൽത്തന്നെ കണ്ടുകൊണ്ട് പരിശോധിക്കുന്നതാണ്. ആലപ്പുഴയിലും കൊല്ലത്തും ഇങ്ങനെ സംഭവിച്ചുവെന്നാണ് മനസിലാകുന്നത്. കൊല്ലത്തും കുട്ടനാട്ടും വച്ച് ഞാൻ പങ്കെടുത്ത യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.മാർ പങ്കെടുത്തതുമാണ്. പിന്നീട് എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം മീറ്റിംഗിൽ മന്ത്രി വർഷത്തിൽ മൂന്നുതവണ മാത്രമേ പങ്കെടുക്കുകയുള്ളൂ, എല്ലാ മാസവും എല്ലാ ജില്ലയിലും പങ്കെടുക്കുന്നത് പ്രായോഗികമല്ല. അതാത് നിയമസഭാ മണ്ഡലങ്ങളിൽ

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് യോഗം നടത്തുന്നതിനുള്ള ഉത്തരവാദിത്വം തീർച്ചയായും എം.എൽ.എ.മാർക്കുണ്ട്, പല എം.എൽ.എ.മാരും അങ്ങനെ ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. പത്തനാപുരം മണ്ഡലത്തിലെ കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നം തീർച്ചയായും ആലോചിക്കാവുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള ഒരു ടീമിനെ തെരഞ്ഞെടുത്തതിൽ അങ്ങേയ്ക്കുള്ള നന്ദി ആദ്യമേ രേഖപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് കോംപോസിറ്റ് ടെണ്ടർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ ടെണ്ടർ ഏത് സാഹചര്യത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്, വളരെ കാലമായി തർക്കം നടന്നുകൊണ്ടിരിക്കുന്ന വിഷയവുമാണ്. നമ്മുടെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടങ്ങളിലെ ഇലക്ട്രിഫിക്കേഷനും കെട്ടിട നിർമ്മാണത്തിനും നിലവിൽ രണ്ട് ടെണ്ടറാണുള്ളത്. കെട്ടിടം നിർമ്മിച്ചുകഴിഞ്ഞശേഷമാണ് ഇലക്ട്രിഫിക്കേഷനുള്ള ടെണ്ടർ നൽകുന്നത്, അതിനായി വീണ്ടും

കാത്തുനിൽക്കേണ്ടി വരുന്നുവെന്നതാണ് ഇതുകൊണ്ടുണ്ടാകുന്ന പ്രശ്നം. അതുകൊണ്ടുതന്നെ കേരളത്തിലെ ഒട്ടനവധി കെട്ടിടങ്ങൾ പണി പൂർത്തിയായിട്ടും തുറന്നുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. രണ്ടാമത്തെ പ്രശ്നം, പണി പൂർത്തിയായ കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷനായി നിർമ്മിച്ചയുടനെതന്നെ വീണ്ടും കുത്തിപ്പൊളിക്കുകയാണ്, ഇത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. നമ്മുടെ സ്വന്തം വീട് നമ്മൾ ഇതുപോലെ നിർമ്മാണം കഴിഞ്ഞശേഷം കുത്തിപ്പൊളിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തുമോ? മേൽസൂചിപ്പിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽവരികയും, കോടതി അനുകൂല സമീപനം സ്വീകരിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ സർക്കാർ കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കാൻ തീരുമാനിച്ച കാര്യം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. കോവൂർ കുഞ്ഞുമോൻ ചോദിച്ചതുപോലെ കാര്യമാത്രപ്രസക്തമായി ചോദ്യങ്ങൾ ചോദിച്ചാൽ കൂടുതൽ എം.എൽ.മാർക്ക് അവസരം നൽകാൻ സാധിക്കും.

<u>ശ്രീ. കെ. പി. മോഹനൻ</u>: ശ്രീ. മാത്യൂ ടി. തോമസിന്റെ ഒരു

ചോദ്യമുണ്ടായിരുന്നു

മി. സ്പീക്കർ: ചോദ്യകർത്താവ് ചുമതലപ്പെടുത്തിയാൽമാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ, അദ്ദേഹം അങ്ങനെ എഴുതിത്തന്നിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി ഒരു പുതിയ സംവിധാനമുണ്ടാക്കിയത് വളരെ പ്രശംസനീയമാണ്. പക്ഷേ ഇതെല്ലാമുള്ളപ്പോഴും ചില പ്രവൃത്തികളുടെ കാര്യത്തിൽ നിശ്ചയിച്ച സമയത്തിന്റെ ഇരട്ടി സമയമെടുത്താൽപ്പോലും പണി പൂർത്തീകരിക്കാത്ത വിഷയം നിലനിൽക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ നീലേശ്വരം-എടത്തോട്, കിളിയളം-വരഞ്ഞൂർ എന്നീ റോഡുകളുടെ കാര്യത്തിൽ നിശ്ചയിക്കപ്പെട്ടതിന്റെ ഇരട്ടി സമയവും കഴിഞ്ഞ് മൂന്നുവർഷവും പിന്നിട്ടതിനുശേഷവും പൂർത്തീകരിക്കാതെ കിടക്കുകയാണ്, ആ കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ഈ റോഡുകളുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നത് യഥാർത്ഥ

കാര്യമാണ്, അതിന്റെ ഭാഗമായി ചില തീരുമാനങ്ങൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. ഡിസൈൻ വിഭാഗവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ, അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സാങ്ഷൻ തുടങ്ങിയവയ്ക്കെല്ലാമുള്ള സമയപ്രശ്നം നിലനിൽക്കുന്നുണ്ട്, ആ വിഷയത്തിലെല്ലാം കർശന നിലപാടെടുത്തുകൊണ്ട് ആ വിഭാഗത്തിന്റെ പ്രത്യേക യോഗം വിളിച്ചുചേർത്ത് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ആ നിലയിൽത്തന്നെ കാര്യങ്ങൾ നടപ്പിലാക്കി മുമ്പോട്ടുപോകുന്ന ഒരു സ്ഥിതി ഇപ്പോഴുണ്ടായിട്ടുണ്ട്. ചില മേഖലകളിൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയശേഷം ടെക്നിക്കൽ സാങ്ഷൻ ലഭ്യമാകുന്നതിനും അതുകഴിഞ്ഞ് മുമ്പോട്ടുപോകുന്നതിനും പ്രശ്നങ്ങളുണ്ടാകുന്നുണ്ട്, അതുകഴിയുമ്പോഴേയ്ക്കും മഴക്കാലമെത്തുകയും പണി നിൽക്കുകയും ചെയ്യുന്നു. ഇതെല്ലാം പരിഹരിക്കാനായി വർക്കിംഗ് കലണ്ടർ സംവിധാനം കൊണ്ടുവരാൻ നിശ്ചയിച്ച കാര്യം നേരത്തെ സഭയെ അറിയിച്ചതാണ്. കോൺട്രാക്ടർമാർ പ്രവൃത്തി വൈകിപ്പിക്കുന്ന പ്രശ്നവും പരിശോധിക്കുന്നതാണ്. ആ കാര്യത്തിൽ ഒരുതരത്തിലും കോംപ്രമൈസ് ചെയ്തുപോകുന്ന പ്രശ്നമുണ്ടാകില്ല, അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. നല്ലനിലയിൽ പ്രവൃത്തി

പൂർത്തീകരിക്കുന്ന കരാറുകാർക്ക് പഴയനിലയിലുണ്ടായിരുന്ന ബോണസ് സംവിധാനമുൾപ്പെടെ ആലോചിക്കുന്ന കാര്യംകൂടി ഈ സഭയെ പ്രത്യേകം അറിയിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ താരതമ്യേന പി.ഡബ്ല്യൂ.ഡി. റോഡുകൾ കുറവാണ്. പുതിയ സാഹചര്യത്തിൽ ജില്ലയിലെ ഒട്ടുമിക്ക റോഡുകളും പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പരിശോധിക്കേണ്ട വിഷയമാണ്. ഒരു ജില്ലയിൽ മാത്രമല്ല, മണ്ഡലങ്ങൾ വേർതിരിച്ച് 140 മണ്ഡലത്തിന്റെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ കിലോമീറ്റർ ഞാൻ പരിശോധിച്ചുകഴിഞ്ഞു. ചില മണ്ഡലങ്ങളിൽ വളരെ കുറവ് കിലോമീറ്റർ റോഡുകളേയുള്ളൂ, എന്നാൽ ചില മണ്ഡലങ്ങളിൽ അഞ്ഞൂറും അറനൂറും അതിനുമുകളിലും കിലോമീറ്റർ റോഡുകളുണ്ട്. ഇത്തരത്തിൽ ഒരു വിവേചനമുണ്ടെന്നത് യാഥാർത്ഥ്യമാണ്, അത് പല കാരണങ്ങൾ കൊണ്ടാണ്. ഈ വിഷയം പരിശോധിച്ച് മുമ്പോട്ടുപോകേണ്ടതുതന്നെയാണ്. ചില മണ്ഡലങ്ങളിലും ചില ജില്ലകളിലും കൂടുതൽ റോഡുകളും കൂടുതൽ

ആസ്തികളും മറ്റുചില ജില്ലകളിലും മണ്ഡലങ്ങളിലും ഇത് വളരെ കുറവുമാണ്. കാസർഗോഡുപോലുള്ള ജില്ലകളിലും ഇതുണ്ടായേക്കാം. ഇക്കാര്യം പരിശോധിച്ച് മുമ്പോട്ടുപോകുന്നതാണ്.

ശ്രീ. പി. അബ്ദുൾ ഹമീദ്: സർ, ജനസാന്ദ്രതയിലും ഭൂവിസ്തൃതിയിലും സംസ്ഥാനത്ത് മുമ്പിൽ നിൽക്കുന്ന ജില്ലയായ മലപ്പുറത്ത് പൊതുമരാമത്ത് വകുപ്പിന്റെ ആഫീസുകളും ജീവനക്കാരും താരതമ്യേന കുറവായതിനാൽ പദ്ധതികളുടെ നടത്തിപ്പിന് അനന്തമായ കാത്തിരിപ്പ് വേണ്ടിവരികയാണ്. ആയതിനാൽ കെ.ആർ.എഫ്.ബി.യുടക്കം കൂടുതൽ ജീവനക്കാരെ നിയമിച്ചും പ്രത്യേക ഡിവിഷൻ രൂപീകരിച്ചും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചും ഇത്തരം കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജീവനക്കാരുടെ പ്രശ്നം ഒരു ജില്ലയിൽ മാത്രമുള്ളതാണെന്ന് തോന്നുന്നില്ല. പല വിഭാഗങ്ങളിലായി എല്ലായിടത്തും ഇത് നിലനിൽക്കുന്നുണ്ടെന്നതിനാൽ അത് പരിഹരിക്കാനാണ് ഞാൻ നേരത്തെ സൂചിപ്പിച്ച നാഷണൽ ഹൈവേ (പൊതുമരാമത്ത് വിഭാഗത്തിലെ) ജീവനക്കാരിൽ കുറേയേറെപ്പേരെ ഷിഫ്റ്റ്

ചെയ്യുന്നതിനുള്ള തീരുമാനമെടുത്തത്. ആവശ്യമെങ്കിൽ വീണ്ടും പരിശോധിച്ച് എന്തുചെയ്യണമെന്ന് ആലോചിക്കാം. ഏതായാലും ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം വന്നതിന്റെ ഭാഗമായി 140 മണ്ഡലങ്ങളുടെയും ഒരു ക്ലിയർ പിക്ചർ പി.ഡബ്ല്യൂ.ഡി. കേന്ദ്രത്തതിലുണ്ടെന്നത് ഈ സഭയെ വളരെ കൃത്യമായി ബോദ്ധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സി.എം.ടി. എന്നത് നല്ലൊരു ആശയമാണ്. അതിനുള്ള പദ്ധതികൾ വളരെ വേഗത്തിലാക്കാനും കൃത്യമായ റിവ്യൂവിനും ഉപകരിക്കും. അതിന് തടസ്സമായി കാണുന്ന പ്രധാനപ്പെട്ട കാര്യം അതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന എഞ്ചിനീയർമാരുടെ വർക്ക് ലോഡ് ആണ്. ചിലർക്ക് ഒന്നിലധികം മണ്ഡലങ്ങളുടെ ചുമതല നൽകിയിട്ടുണ്ട്. അത് കുറെക്കൂടി കുറ്റമറ്റതാക്കാൻ അക്കാര്യത്തിൽ ഒരു മണ്ഡലത്തിൽ ഒരാൾക്കെന്ന കാര്യവും അതുപോലെതന്നെ കൃത്യമായി അതിന്റെ യോഗങ്ങളും നടപടി ക്രമങ്ങളും സമയബന്ധിതമായി കാര്യങ്ങൾ നടക്കുന്നുയെന്നതിന്റെ കലണ്ടർ കൃത്യമായി നിശ്ചയിക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ഇതൊരു പ്രധാന വിഷയമാണ്. ഇത് ആദ്യം വ്യക്തിപരമായി ഒരാൾക്കെന്ന നിലയിലാണ് കൊടുത്തത്. ഇപ്പോഴാണ് ചില അസിസ്റ്റന്റ് എഞ്ചിനീയർമാർ അതിൽപ്പെട്ടത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അതിൽ വച്ചുകൊണ്ട് വേറെ ചില പ്രശ്നങ്ങളുണ്ട്. അവരുടെ ഹയർ അതോറിറ്റിയുമായി സംസാരിച്ച് ഇടപെടാനുള്ള പ്രശ്നം വന്നു. ആ നിലയിലാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ മാറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയും വച്ചിട്ടുള്ളത്. അതിൽതന്നെ വളരെ മൈനോറിട്ടി ഉദ്യോഗസ്ഥർക്ക് മാത്രമെ ഒന്നിലധികം അതായത്, രണ്ട് മണ്ഡലങ്ങളുടെ ചുമതലേയുള്ളു. മജോറിട്ടിയായിട്ടുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും പ്രത്യേകിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഒരു മണ്ഡലമെന്ന നിലയിലാണ് ചുമതലയുള്ളത്. അല്ലാത്തതായി വളരെ അപൂർവ്വം ചില പ്രശ്നങ്ങളേയുള്ളു. അത് പരിശോധിച്ച് വേണ്ടുന്ന കാര്യങ്ങൾ ചെയ്യാം. അതെക്കുറിച്ച് മോണിറ്റർ ചെയ്യാനും ശ്രദ്ധിക്കാനും മൂന്ന് ചീഫ് എഞ്ചിനിയർമാർക്ക്

ച്ചമതല നൽകിയിട്ടുണ്ട്. അത് സോണായി തിരിച്ചുകൊണ്ട് വളരെ ഭംഗിയായി ചീഫ്എഞ്ചിനിയർമാർ നിർവഹിച്ചുവരുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, മണ്ഡലംതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വളരെ ദയനീയമാണ്. റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കുറ്റിപ്പുറം പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിൽ ഏറ്റവും വീതി കുറഞ്ഞൊരു പ്രദേശമാണ് ചുണ്ടൽ പഞ്ചായത്തിലെ മഴുവൻഞ്ചേരി മുതൽ ചുണ്ടൽ വരെയുള്ള പ്രദേശങ്ങൾ. അത് കിഫ്ബിയിൽ ഉൾക്കൊള്ളിച്ച് വീതി കൂട്ടാനുള്ള നടപടി എടുക്കാമെന്ന് ഒരു പ്രാവശ്യം പറഞ്ഞിരുന്നതാണ്. ഇപ്പോൾ ആ പ്രദേശങ്ങളിലുള്ള ജനങ്ങൾ പ്രശ്നത്തിലാണ്. കാരണം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞാൽ വളരെ ഉയരത്തിൽ റോഡ് ഇടുങ്ങിവരുന്നൊരു സ്ഥിതി വരുകയാണ്. അടിയന്തരമായി ആ റോഡ് വീതികൂട്ടി ഇതിനോടൊപ്പം ചെയ്യാനാവശ്യമായ നടപടിയെടുക്കാമോ?

മി. സ്പീക്കർ: അതിന് പ്രത്യേകം ചോദ്യം ചോദിക്കേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതിൽ നിയോജകമണ്ഡലങ്ങളിൽ റോഡിലുള്ള ദൈർഘ്യത്തിലുള്ള

വ്യത്യാസം പറഞ്ഞു. പ്രധാനപ്പെട്ട റോഡ് വർക്ക് ചെയ്യുന്നത് സെക്ഷൻ ഓഫീസുകളാണ്. അതായത് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും വർക്ക് മോണിറ്ററിംഗ് റിപ്പയർ ചെയ്യേണ്ടതും സെക്ഷൻ ഓഫീസുകളാണ്. ചില സെക്ഷൻ ഓഫീസുകളിൽ നാന്നൂറ് കിലോമീറ്ററിന് മുകളിലാണ് റോഡുകളുടെ ദൈർഘ്യം. ചില സ്ഥലങ്ങളിൽ നൂറിൽ താഴെയാണ്. സ്ഥല വിസ്തൃതി, റോഡുകളുടെ ദൈർഘ്യം ഇവ കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയമായി നമ്മുടെ സെക്ഷൻ ഓഫീസുകൾ പുന:സ്ഥാപിക്കുമോ; അതിനാവശ്യമായ പുതിയ ഓഫീസുകൾക്കൂടി സ്ഥാപിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നിലവിലുള്ള പ്രശ്നങ്ങൾ ഒരുതവണ പരിശോധിച്ചതാണ്. ഈ നിലയിലുള്ള ഡാറ്റകൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതാണ്. ഈ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. ചില സെക്ഷൻ ഓഫീസുകളിൽ ഹെവി ലോഡാണ്. ചിലയിടത്ത് അത്രത്തോളം ഹെവി ലോഡില്ല. ഇത് സെക്ഷൻ ഓഫീസുകളുടെ കാര്യത്തിൽ മാത്രമല്ല ചില ഉദ്യോഗസ്ഥരുടെ കാര്യത്തിലുമുണ്ട്. ചിലർക്ക് ഹെവിലോഡുണ്ട്. എന്നാൽ ചിലർക്ക് പ്രത്യേകിച്ച് ജോലിയൊന്നുമില്ലാത്ത സ്ഥിതിയാണ്. വെറുതെ

ഇരിക്കുമ്പോഴാണല്ലോ പല തെറ്റായ ചിന്തകളിലേയ്ക്കും പോകുന്നത്. അതൊരു പ്രശ്നമാണ്. അവരെ ജോലി ചെയ്യിപ്പിക്കുകയെന്നതാണ് വകുപ്പ് ഇപ്പോൾ ആലോചിക്കുന്നത്. ഓഫീസുകളെ ശാസ്ത്രീയമായി എങ്ങനെ ക്രമീകരിക്കാമെന്നത് പരിശോധിച്ച് കൂട്ടായ ചർച്ചയുടെ ഭാഗമായി നിശ്ചയിക്കാമെന്നാണ് കരുതുന്നത് .

**ഡിജിറ്റൽ റീസർവ്വെ**

**4(*94)** <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ ഡിജിറ്റൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവ്വെ യാഥാർത്ഥ്യമാക്കുന്നതിനായി സർവ്വെ ഓഫ് ഇന്ത്യയുടെ സഹകരണം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകുന്നതിലൂടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ മേഖലകളിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ഡിജിറ്റൽ റീ സർവ്വെയുമായി ബന്ധപ്പെട്ട് നമ്മുടെ മുമ്പിലുള്ളത്. എല്ലാ ചോദ്യത്തിനും ഉത്തരം വായിക്കാൻ സമയം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് പ്രധാനമായുള്ള മൂന്ന് ചോദ്യത്തെക്കുറിച്ച് പൊതുവായൊരു പ്രസ്താവന നടത്തുന്നതായിരിക്കും നല്ലതെന്ന് എനിക്ക് തോന്നുന്നത്.+ നമുക്കറിയാം 1966-ലാണ് ഐക്യകേരളത്തിൽ ആദ്യമായി റീസർവ്വെ നടപടികൾ ആരംഭിച്ചത്. 55 വർഷക്കാലം കഴിയുമ്പോൾ കേരളത്തിൽ 1666 വില്ലേജുകളിൽ 911 വില്ലേജുകളിലാണ് ഇതിനകം റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. അതിൽ 89 വില്ലേജുകളിലാണ് ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുകൊണ്ടുള്ള റീസർവ്വെ നടപടികൾ നടത്താൻ കഴിഞ്ഞത്. 27 സ്ഥലങ്ങളിൽ ഇതേ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ ഡിജിറ്റൽ റീസർവ്വെ നടന്ന 89

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇടങ്ങളിലും നടത്താനിരിക്കുന്ന 27 സ്ഥലങ്ങളുൾപ്പെടെ 116 വില്ലേജുകളും കഴിച്ച് ബാക്കി കേരളത്തിൽ 1550 വില്ലേജുകളിലും നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന ഒരു ഡിജിറ്റൽ റീ സർവ്വെ നടപടിക്കാണ് വിപ്ലവകരമായൊരു നടപടിയെന്ന നിലയിൽ ഈ ഗവൺമെന്റ് തുടക്കംകുറിക്കുന്നത്. സാധാരണ നിലയിൽ ഇതിന് പുതിയ സാങ്കേതിക സങ്കേതങ്ങൾ അന്വേഷിക്കേണ്ടിവരും. അതിന്റെ ഭാഗമായി നേരത്തെ ചെയിൻ വലിച്ച് സർവ്വെ നടത്തിയിരുന്നതിൽനിന്ന് വ്യത്യസ്തമായി പുതിയ സങ്കേതങ്ങൾ ഉപയോഗിക്കുകയാണ്. കേരളത്തിൽ ഏറ്റവും സുതാര്യമായി ഇത് നടത്താൻ കഴിയുന്ന CORS എന്നുപറയുന്ന കണ്ടിന്യൂസിലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് 28 CORS സ്റ്റേഷനുകൾ സ്ഥാപിച്ച് അതിന്റെ സിഗ്നലുകൾക്ക് അനുസരിച്ച് പുരോഗമിക്കാൻ കഴിയുന്ന ആർ. ടി. കെ. റോവർ മെഷീനുകളാണ് കേരളത്തിലെ റീസർവ്വെകളിൽ 70 ശതമാനം സ്ഥലങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 20 ശതമാനം സ്ഥലങ്ങളിൽ പ്രത്യേകിച്ച് വന പ്രദേശങ്ങൾ ഉൾപ്പെടെ നിലവിൽ റീസർവ്വെ നടന്നുകൊണ്ടിരിക്കുന്നിടങ്ങളിൽ ഇ.ടി.എസ്.-ന്റെ പുതിയ

വെർഷനായുള്ള റോബോട്ടിക് ടോട്ടൽ സ്റ്റേഷനാണ് ഉപയോഗിക്കുന്നത്. ബാക്കി 10 ശതമാനം സ്ഥലങ്ങളിലാണ് റഡാർ ക്യാമറകൾ ഫിറ്റ്ചെയ്തിട്ടുള്ള ഡ്രോൺ സൗകര്യം ഉപയോഗിച്ചുകൊണ്ട് നടത്താൻ കഴിയുന്നത്. നാല് വർഷംകൊണ്ട് നടത്താൻ കഴിയണമെങ്കിൽ ഇതിനൊരു ടൈംടേബിൾ വേണ്ടിവരും. സ്വാഭാവികമായും ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകളിലും അവസാനത്തെ 8 മാസം 350 വില്ലേജുകളും ഉൾപ്പെടെ 1550 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവ്വെ നടപടികൾ നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കുന്നത്. ഇതിനുവേണ്ടി നമുക്ക് 1000 ആർ. ടി. കെ. റോവർ മെഷീനുകളും 700 റോബോട്ടിക്ക് ടോട്ടൽ സ്റ്റേഷൻ മെഷീനുകളും 1700 ടാബുകളും ഇതിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. നമുക്ക് ഇതിലേയ്ക്കായി കൂടുതൽ ജീവനക്കാരെ വേണ്ടിവരും. 1500 സർവ്വെ ഉദ്യോഗസ്ഥരും 3200 ഹെൽപ്പർമാരും നമുക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഈ പരിപാടിക്കുമാത്രമായി താൽക്കാലികമായി എടുക്കാൻ കഴിയുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഇതിനായി ഒരു വലിയ തുക വേണ്ടിവരും. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തികൊണ്ട് 807 കോടി രൂപ കേരള

ചരിത്രത്തിലാദ്യമായി സർവ്വെ നടപടികൾക്കായി ഈ ഗവൺമെന്റ് വിനിയോഗിക്കുകയാണ്. ഇതിൽ 339.48 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു. എം. എൽ. എ. മാരുടെ യോഗത്തിൽ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുമിത് അംഗീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് സംസ്ഥാനത്ത് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അദ്ധ്യക്ഷൻമാരെ വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രികൂടി പങ്കെടുത്തുകൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുമായും സംസാരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത് ഈ പ്രശ്നം ചർച്ചചെയ്യാൻ ആവശ്യമെങ്കിൽ സർവ്വെ സഭകൾ ഉൾപ്പെടെ കേരളത്തിൽ സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ കേരളത്തിൽ റീസർവ്വെ നടന്ന സ്ഥലങ്ങളിലെല്ലാം LRM കേസുകൾ നിലനിൽക്കുന്നുണ്ട്. ആ കേസുകളുടെ പൊതു സ്വഭാവം പരിശോധിക്കുമ്പോൾ കേരളത്തിൽ LRM കേസുകളായി നിലനില്ക്കുന്നത് 119446 കേസുകളിൽ 61943

കേസുകൾ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട തർക്കമാണ്. 36834 കേസുകൾ വിസ്തീർണ്ണ വ്യത്യാസവുമായുള്ള തർക്കമാണ്. യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്ത് അവസാനം നടന്നിട്ടുള്ള സെറ്റിൽമെന്റ് 1905-നും 1911-നും ഇടയിലാണ്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലത്ത്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കേരളത്തിലെ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അത് പരിഹരിക്കാനും ഡിജിറ്റൽ റീ സർവ്വെ നടന്നുകൊണ്ടിരിക്കുന്ന സമയത്തുതന്നെ ഒരു നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കേരളത്തിന്റെ നിയമസഭ പരിഗണിക്കണമെന്ന് ആലോചിക്കുകയാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. യഥാർത്ഥത്തിൽ ആ സെറ്റിൽമെന്റിന്റെ വിഷയങ്ങൾ ചർച്ച ചെയ്ത് സർവ്വേസ് ആൻഡ് ബൗണ്ടറീസ് ആക്ട് ഉൾപ്പെടെ ആവശ്യമായ ഭേദഗതികൾ വരുത്തിയാൽ ഈ ഗവൺമെന്റ് നമ്മളെല്ലാം ഉൾപ്പെടുന്ന സഭ കേരള ചരിത്രത്തിന്റെ ഭാഗമാകും. ആ നിലവാരത്തിലുള്ള നടപടികൾക്കാണ് ഈ ഗവൺമെന്റ് നേതൃത്വം നൽകുന്നത്.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, സർവ്വെയുമായി ബന്ധപ്പെട്ട് പോകുമ്പോൾ ഉണ്ടാകുന്നൊരു വിഷയമാണ് സൂചിപ്പിക്കുന്നത്. ചില പ്ലാന്റേഷൻ

മാനേജ്മെന്റുകളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും പല കേസുകളും കോടതിയിൽ നടക്കുന്നുണ്ട്. സർവ്വെയുമായി മുന്നോട്ടുപോകുമ്പോൾ ഇത്തരംകാര്യങ്ങൾക്ക് വലിയ തടസ്സമാണ് ഈ കേസുകൾക്ക് ഉണ്ടാകുന്നത് ഇത് വിഷയം എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?

ശ്രീ. കെ. രാജൻ: സർ,വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് അദ്ദേഹം ചോദിച്ചത്. ഒരു കാരണവശാലും ഇത്തരം കാര്യങ്ങൾക്ക് ഒരു പ്രശ്നവുമുണ്ടാകില്ല. സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നല്ലതുപോലെ ചർച്ച ചെയ്യാൻ കഴിയും. കേസ് കോടതിയിൽ ഉള്ളതുകൊണ്ട് അതിർത്തി നിർണ്ണയിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടില്ല. സ്റ്റേ ഉണ്ടെങ്കിൽ മാത്രമെ പ്രശ്നമുള്ളു. അതുകൊണ്ട് അത് പരിശോധിക്കും. കൃത്യമായി സാധാരണ ജനങ്ങൾക്ക് അനുകൂലമായ വിധത്തിൽ എല്ലാവർക്കും രേഖ ലഭ്യമാകുന്ന നടപടിക്കായിരിക്കും കേരളത്തിലെ ഗവൺമെന്റ് നേതൃത്വം നൽകുന്നത്. അതിന്റെ ഭാഗമായി ഈ സെറ്റിൽമെന്റ് ഭേദഗതികൾകൂടി ഗവൺമെന്റ് പരിഗണിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)